## പാഠം – 3

# യേശുക്രിസ്തുവും വെളിപ്പാട് പുസ്തകവും

**ശബ്ബത്ത് സായാഹ്നം** **ഏപ്രിൽ 14**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: 1 കൊരി. 10:1–11, വെളി. 12:1–17, 19: 11–15, എഫേ. 1:20, വെളി. 11:19, 1:10–18.**

**മനഃപാഠവാക്യം: "ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ വരം നൽകും; ഞാനും ജയിച്ച് എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെ തന്നേ" (വെളിപ്പാട് 3:21)**

പുതിയനിയമ പുസ്തകം ഓടിച്ചു വായിച്ചാൽ തന്നെ ഒരു സുപ്രധാന സത്യം വെളിവാകും: പുതിയനിയമം പഴയതുമായി നേരിട്ട് ബന്ധിക്കപ്പെട്ടിരിക്കുന്നു. സുവിശേഷങ്ങളും ലേഖനങ്ങളും വീണ്ടും വീണ്ടും പഴയനിയമ പുസ്തകത്തിലെ സംഭവങ്ങളെ സൂചിപ്പിക്കുകയോ, നേരിട്ടോ അല്ലാതെയോ ഉദ്ധരിക്കുകയോ ആണ്. തന്നെക്കുറിച്ചും സുവിശേഷവേലയെക്കുറിച്ചും പറയുമ്പോൾ എത്രയോ പ്രാവശ്യമാണ് യേശു "തിരുവെഴുത്തുകൾ" "പൂർത്തീകരിക്കപ്പെടണമെന്ന്" പറയുന്നത്. (കാണുക മത്താ. 26:54, 56; മർക്കൊ. 14: 49; യോഹ. 13:18, 17:12)?

ഇതേ കാര്യം വെളിപ്പാടിനെക്കുറിച്ചും പറയാം. വെളിപ്പാടും പഴയ നിയമത്തിലെ ദാനീയേലും മനസ്സിലാക്കുക സത്യത്തിൽ അസാദ്ധ്യമാണ്. ഈ രണ്ടു പുസ്തകങ്ങളും ഒരുമിച്ചു പഠിക്കാനുള്ള കാരണവും ഇതാണ്.

വെളിപ്പാടിലെ പഴയനിയമ പരാമർശങ്ങളുടെ സവിശേഷതയെന്തെന്നാൽ അവയെല്ലാം തന്നെ യേശുവിനെ വെളിപ്പെടുത്തുന്നു. അത് മുഴുവൻ യേശുവിനെക്കുറിച്ചാണ്. അവൻ ആരാണ്, ജനത്തിനായി എന്തു ചെയ്തു, അന്ത്യനാളിൽ നമുക്കായി എന്തു ചെയ്യും എന്നൊക്കെയാണ് വിവരിക്കുന്നത്. അന്ത്യകാലത്തെക്കുറിച്ചാണ് സംസാരിക്കുന്നത് എങ്കിൽ അതിന്റെ മുന്നിലും മദ്ധ്യേയും യേശുവിനെ നിർത്തിയേ പറ്റൂ. അതാണ് വെളിപ്പാടും ചെയ്യുന്നത്. ഈയാഴ്ചയിലെ പാഠം വെളിപ്പാട് പുസ്തകത്തിലെ യേശുവിനെക്കുറിച്ചാണ്.

**ഞായർ** **ഏപ്രിൽ 15**

## വെളിപ്പാടിന്റെ ഘടന

ദാനീയേലിലും വെളിപ്പാടിലും പൊതുവായുള്ളവയിൽ പ്രധാനം അവയുടെ വിഭജനങ്ങളാണ്: ചരിത്രം, യുഗാന്തശാസ്ത്രം (അന്ത്യകാല

സംഭവങ്ങൾ). രണ്ടും അതിസങ്കീർണ്ണമായാണ് പുസ്തകങ്ങളിൽ ബന്ധിപ്പിച്ചിരിക്കുന്നത്. ആഗോള തലത്തിൽ സംഭവിപ്പാനിരിക്കുന്ന അന്ത്യകാലത്തെ വൻ കാര്യങ്ങളുടെ, ചെറു തോതിലുള്ള മുന്നോടികളെന്നോ ഉദാഹരണങ്ങൾ എന്നോ ഈ ചരിത്രസംഭവങ്ങളെ വിളിക്കാം. അതായത് പഴയനിയമ ചരിത്രത്തിൽ എന്തു സംഭവിച്ചു എന്ന് പഠിക്കുന്നതിലൂടെ ഇക്കാലത്തും വരാനിരിക്കുന്ന സമയത്തും എന്തുണ്ടാകുമെന്നതിന്റെ ഒരുൾക്കാഴ്ച ലഭിക്കുന്നു. എന്തൊക്കെയായാലും ഈ തത്വം ദാനീയേലിലും വെളിപ്പാടിലും മാത്രം ഒതുങ്ങുന്നില്ല.

**1 കൊരിന്ത്യർ 10:1-11 വായിക്കുക. മുകളിൽ പറഞ്ഞ തത്വം ഈ വാക്യങ്ങളിൽ എങ്ങനെ കാണാനാകും?**

കഴിഞ്ഞയാഴ്ച പഠിച്ചതു പോലെ ദാനീയേലിലെ ചില കഥകൾ (ദാനീ. 3:6,15, 27; 6:6-9, 21, 22) പ്രാദേശിക ചരിത്ര സംഭവങ്ങളാണ്. അവ വെളിപ്പാടിൽ പ്രതിപാദിക്കുന്ന അന്ത്യകാല സംഭവങ്ങളെ സൂചിപ്പിക്കുന്നു. ഇവ പഠിക്കുന്നതിലൂടെ ദൈവമക്കൾ ഒടുക്കം നേരിടാനുള്ള കാര്യങ്ങളെക്കുറിച്ച് ചില ദർശനങ്ങളും ദീർഘവീക്ഷണങ്ങളും ലഭിക്കുന്നു. ഇപ്പൊഴത്തെ അവസ്ഥ എന്തു തന്നെയായാലും അന്തിമമായി വിടുതൽ ഉണ്ടാകും എന്ന ഉറപ്പ് ലഭിക്കുന്നതാണ് ഒരുപക്ഷേ ഏറ്റവും വലിയ കാര്യം. വെളിപ്പാട് മറ്റെന്തൊക്കെ പഠിപ്പിക്കുന്നുണ്ടെങ്കിലും വിശ്വാസികൾക്ക് വിജയം ഉറപ്പു തരുന്നു.

ചില വ്യത്യാസങ്ങൾ ഉണ്ടെങ്കിലും വെളിപ്പാടിൽ അദ്ധ്യായം 1-11 വരെ ആണ് ചരിത്ര പരാമർശങ്ങൾ. തുടർന്ന് 13-22 വരെ അന്ത്യകാലത്തെക്കുറിച്ചും.

**വെളിപ്പാട് 12:1-17 വായിക്കുക. ഈ അദ്ധ്യായം ചരിത്രത്തോടാണോ അന്ത്യകാല സംഭവങ്ങളോടാണോ ബന്ധിപ്പിക്കേണ്ടത്? എന്തുകൊണ്ട്?**

ഈ അദ്ധ്യായം ഇവ രണ്ടുമായും ബന്ധപ്പെട്ടു കിടക്കുന്നു. എന്തുകൊണ്ട്? കാരണം അത് ചരിത്രത്തിലെ ഏറ്റുമുട്ടലുകളെക്കുറിച്ച് - സ്വർഗ്ഗത്തിൽ നിന്ന് സാത്താനെ പുറത്താക്കിയത് (വെളി. 12:7-9), ശിശുവായിരുന്ന യേശുവിനു നേരെ സാത്താന്റെ ആക്രമണം (വെളി. 12:4), തുടർന്നുള്ള സഭാചരിത്രത്തിൽ സഭ നേരിട്ട പീഡനം (വെളി. 12:14-16) - തുടർന്ന് അന്ത്യകാല ശേഷിപ്പു സഭയെ സാത്താൻ ആക്രമിക്കുന്നതും (വെളി. 12:17) ഒക്കെയാണ് അതിലെ സംസാരവിഷയം.

**ചരിത്രത്തിൽ നിന്ന് പഠിക്കുന്ന പാഠങ്ങളിലൊന്ന് ചരിത്രത്തിൽ നിന്ന് ഒന്നും പഠിക്കുന്നില്ല എന്നുള്ളതാണ്. ഇതിനർത്ഥം ഏത് കാലഘട്ടത്തിലായാലും ജനം ഒരേ തെറ്റ് ആവർത്തിക്കുന്നു. അനേകം ചരിത്ര**

**പാഠങ്ങൾ നമുക്കുണ്ടായിട്ടും ഒരേ തെറ്റുകൾ ആവർത്തിക്കുന്നത് എന്തു കൊണ്ട് ഒഴിവാക്കാനാകുന്നില്ല?**

**തിങ്കൾ** **ഏപ്രിൽ 16**

### യേശുവിന്റെ പ്രതിബിംബങ്ങൾ

**ചുവടെയുള്ള വാക്യങ്ങൾ വായിക്കുക. അവയിൽ യേശുവിന് പല പേരുകൾ പറയുന്നുണ്ട്, ചിലതിൽ യേശുവിനെ കുറിച്ചുള്ള വിവരണങ്ങളുമുണ്ട്. അവൻ എന്തു ചെയ്തു, ചെയ്യുന്നു, ഇനി എന്തു ചെയ്യും എന്നും വിവരിക്കുന്നു. ഈ വാക്യങ്ങൾ യേശുവിനെ കുറിച്ച് എന്ത് പഠിപ്പിക്കുന്നു?**

**വെളി. 1: 5; വെളി. 1: 18; വെളി. 5: 8; വെളി. 19: 11–15; വെളി. 21: 6**

വെളിപ്പാടു പുസ്തകത്തിൽ, യേശുവിനെ വിവധ വേഷങ്ങളിലും ദൗത്യങ്ങളിലും ചിത്രീകരിക്കുന്ന അനേകം വാക്യങ്ങളിൽ ചിലതു മാത്രമാണിവ. അവൻ കുഞ്ഞാടാണ്, ഇതു തന്റെ ആദ്യവരവിനെ സൂചിപ്പിക്കുന്നു. നമ്മുടെ പാപങ്ങൾക്കു വേണ്ടി സ്വയം ബലിയായി. "നിങ്ങൾ പുളിപ്പില്ലാത്തവരായിരിക്കുവാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിനു പഴയ പുളിമാവിനെ നീക്കിക്കളയുവിൻ. നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ" (1 കൊരി. 5:7). അവൻ ഇങ്ങനെ ഒരാൾകൂടി ആയിരുന്നു, "ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു" (വെളി. 1:18). തന്റെ മരണ-ഉത്ഥാനങ്ങളെക്കുറിച്ച് വ്യക്തമായ സൂചന നൽകുന്ന വാക്യം. "ഇങ്ങനെ എഴുതിയിരിക്കുന്നു, ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽക്കുകയും" (ലൂക്കോ. 24:46). കൂടാതെ വെളി. 19:11–15, രണ്ടാം വരവിലെ വേഷത്തെക്കുറിച്ച് വർണ്ണിക്കുന്നു. അന്ന് അധികാര-മഹത്വങ്ങളോടെ ന്യായവിധി നടപ്പാക്കാൻ ഭൂമിയിലേക്ക് മടങ്ങും. "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നൽകും" (മത്താ.16: 27).

**യേശുവിന്റെ ജീവിതം, മരണം, ഉത്ഥാനം, വീണ്ടും വരവ് ഇവയെ എങ്ങനെ ദിനംതോറും നമ്മുടെ നിലനിൽപിന്റെ തന്നെ കേന്ദ്രവും സാന്മാർഗ്ഗിക തിരഞ്ഞെടുപ്പുകളുടെ അടിത്തറയുമാക്കാം?**

**ചൊവ്വ** **ഏപ്രിൽ 17**

### വെളിപ്പാടിൽ നിറയുന്ന സമാഗമന കൂടാരം

രണ്ടു പ്രധാന വിഭാഗങ്ങൾക്കു പുറമെ വെളിപ്പാടിൽ മറ്റൊരു ഘടനാതലം കൂടിയുണ്ട്, എബ്രായ സമാഗമന കൂടാരത്തിനു ചുറ്റും പണിത്

ഉയർത്തിയ ഒന്ന്. ആദ്യം പറഞ്ഞ രണ്ടു വിഭാഗങ്ങളിൽ ഒന്നിലും ഒതുങ്ങാതെ രണ്ടിലൂടെയും കടന്നു പോകുന്നതാണ് ഈ സമാഗമന കൂടാരം.

ഭൗമസമാഗമന കൂടാരത്തിൽ ഒരുവൻ പ്രാകാരത്തിൽ, മൃഗബലി നൽകുന്ന ഹോമയാഗപീഠത്തിൽ ആരംഭിക്കുന്നു. കുരിശിന്റെ അടയാളമായി മൃഗത്തെ ബലിയർപ്പിച്ചതിനു ശേഷം പുരോഹിതൻ സമാഗമന കൂടാരത്തിലെ വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുന്നു. സ്വർഗ്ഗാരോഹണ ശേഷം യേശു സ്വർഗ്ഗീയ സമാഗമന കൂടാരത്തിൽ ചെയ്തതിന്റെ ഒരു മാതൃക. ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്ന യേശുവിനെയാണ് ഇതു സൂചിപ്പിക്കുന്നത്. (വെളി. 1:13).

**വെളിപ്പാട് 4:1, 2 വായിക്കുക. തുറന്ന വാതിൽ പ്രതിനിധാനം ചെയ്യുന്നതന്ത്? ഈ രംഗം അരങ്ങേറുന്നതെവിടെ?** കൂടാതെ കാണുക, അ.പ്ര. 2:33, 5:31; എഫേ. 1:20; എബ്രാ. 10:12, 13; സങ്കീ. 110:1; വെളി. 12:5.

സ്വർഗ്ഗാരോഹണം കഴിഞ്ഞയുടൻ തുറന്ന ആദ്യത്തെ വാതിലിലൂടെ യേശുക്രിസ്തു സ്വർഗ്ഗീയ സമാഗമന കൂടാരത്തിലെ വിശുദ്ധ സ്ഥലത്ത് പ്രവേശിച്ചു. വെളിപ്പാടു പുസ്തകത്തിൽ ക്രിസ്തു ആദ്യമായി പ്രത്യക്ഷപ്പെടുമ്പോൾ സ്വർഗ്ഗീയ സമാഗമന കൂടാരത്തിന്റെ പ്രാകാരത്തിൽ ഏഴു പൊൻ നിലവിളക്കുകൾക്കു നടുവിൽ നിൽക്കുന്നതായി കാണുന്നു. (വെളി. 1:10-18 കാണുക).

**വെളി. 11:19 വായിക്കുക. സ്വർഗ്ഗീയ സമാഗമനകൂടാരം തുറന്നപ്പോൾ ഭൗമസമാഗമനകൂടാരത്തിലെ അതിവിശുദ്ധസ്ഥലത്തിരുന്ന നിയമപെട്ടകം യോഹന്നാൻ കണ്ടു. ഇതിന്റെ പ്രാധാന്യം എന്താണ്?** (ലേവ്യ. 16:12-14 കാണുക)

സ്വർഗ്ഗീയ സമാഗമന കൂടാരത്തിലെ നിയമപെട്ടകം സൂചിപ്പിക്കുന്നത് അതിവിശുദ്ധ സ്ഥലം അഥവാ രണ്ടാമത്തെ അറയെയാണ് എന്നതിൽ തർക്കമില്ല. വെളിപ്പാടു പുസ്തകത്തിൽ യേശുവിന്റെ ദ്വിതല ശുശ്രൂഷ മാത്രമല്ല, സ്വർഗ്ഗത്തിലെയും ഭൂമിയിലെയും സംഭവങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നു എന്ന വളരെ നിർണ്ണായകവും ആശ്വാസദായകവുമായ ഒന്നുകൂടിയുണ്ട്. ചരിത്ര പരീക്ഷകൾക്കിടയിലും വെളിപ്പാടു പുസ്തകത്തിൽ വിവരിച്ചതു പോലുള്ള അന്ത്യകാലഘട്ടത്തിനിടയിലും നമുക്കൊരുറപ്പുണ്ട്. "സ്വർഗ്ഗം മുഴുവൻ ദൈവത്തിന്റെ വരവിനായുള്ള ഒരുക്കത്തിൽ നിൽപ്പാനായി ഒരു ജനത്തെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധം അത്രമാത്രം അടുത്താണ്." - *എലൻ ജി. വൈറ്റ്, "മൈ ലൈഫ് റ്റുഡേ", പേജ് 307.*

**ബുധൻ** **ഏപ്രിൽ 18**

## ക്രിസ്തു വെളിപ്പാടിൽ : ഭാഗം 1

വെളിപ്പാടു പുസ്തകത്തിൽ, ഘടന മുതൽ ഉള്ളടക്കം വരെ സകലതിലും, ഒരേയൊരുദ്ദേശമേ ഉള്ളൂ: ക്രിസ്തുവിനെ വെളിപ്പെടുത്തുക.

അതുകൊണ്ടാണ് പുസ്തകത്തിന്റെ ആദ്യ വാക്യം തന്നെ "യേശുക്രിസ്തുവിന്റെ വെളിപ്പാട്" എന്നെഴുതിയിരിക്കുന്നത്. (Apocalypsis Iesou Christou). ഇത് പൊതുവെ മനസ്സിലാക്കുന്നത് ഇങ്ങനെയാണ് - 1) "യേശുവിൽ നിന്നുള്ള വെളിപ്പാട്;" അല്ലെങ്കിൽ 2) "യേശുവിനെക്കുറിച്ചുള്ള വെളിപ്പാട്" (വെളി. 1:2). ഇതൊരു "വെളിപ്പാട്" ആണെന്നതുതന്നെ ഈ പുസ്തകം മനസ്സിലാക്കുവാൻ പ്രയാസമാണെന്ന് പറയുന്നവർക്കെതിരെ വാദിക്കുന്നു. വായിക്കുന്നവർക്ക് മനസ്സിലാക്കാൻ ആയില്ലെങ്കിൽ പിന്നെന്തിനായിരിക്കും ദൈവം ഈ പുസ്തകം ബൈബിളിൽ ഉൾപ്പെടുത്തിയത്?

**വെളിപ്പാട് 1:1-8 വായിക്കുക. ഈ വാക്യങ്ങൾ യേശുവിനെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു?**

വെളിപ്പാടിൽ യേശുവിനെ "ഭൂമിയിലെ രാജാക്കന്മാർക്ക് അധിപതിയായി" (വെളി. 1:5) അവതരിപ്പിക്കുന്നു, പുസ്തകം അവസാനിക്കുമ്പോഴാകട്ടേ "രാജാക്കന്മാരുടെ രാജാവായി" (വെളി. 19:16) വിവരിക്കുന്നു. ഭൂമിയിലെ സകല കുഴപ്പങ്ങൾക്കും സംഭ്രാന്തികൾക്കുമിടയിലും രക്ഷിതാവായ ദൈവത്തിനു സകലത്തിൻമേലും പരമമായ നിയന്ത്രണം ഉണ്ടെന്നുള്ള ഉറപ്പാണ് സുപ്രധാന വാർത്ത.

വെളിപ്പാട് 1:6 ൽ, യേശുക്രിസ്തു വീണ്ടെടുപ്പുകാരനാണെന്ന വളരെ വ്യക്തമായ സൂചന ലഭിക്കുന്നു. "നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി തന്റെ രക്തത്താൽ വിടുവിച്ച" ഈ വാക്യം ക്രൂശുമരണത്തെ സൂചിപ്പിക്കുന്നു. അവൻ നമ്മെ നീതീകരിക്കുക മാത്രമല്ല വിശുദ്ധീകരിക്കുക കൂടി ചെയ്തിരിക്കുകയാണ് (1 കൊരി. 6:11). ഇത്തരം വാക്യങ്ങളിൽ രക്ഷയുടെ വാഗ്ദത്തം ദർശിക്കാം. കാരണം നമ്മുടെ പാപങ്ങൾ കഴുകിക്കളയുന്നത് യേശുവാണെന്ന് ഇത് വെളിവാക്കുന്നു. നമുക്കൊരിക്കലും അത് സ്വയം ചെയ്യാനാവില്ല.

**വെളിപ്പാട് 1:7 വായിക്കുക. ഇത് യേശുവിനെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു?**

സകല ക്രൈസ്തവ വിശ്വാസത്തിന്റെയും കേന്ദ്രം "മേഘാരൂഢനായി" ക്രിസ്തുവിന്റെ വീണ്ടും വരവാണ്. യേശു വീണ്ടും വരും, ലോകം മുഴുവൻ ദർശിക്കാനിരിക്കുന്ന മടങ്ങിവരവെന്ന സത്യം. ഒരിക്കൽ എന്ന

ന്നേക്കുമായി ഭൂമിയിലെ സകല കഷ്ടതകൾക്കും കുഴപ്പങ്ങൾക്കും നാശങ്ങൾക്കും വിരാമമിട്ട് നിത്യതയുടെ വാഗ്ദത്തങ്ങൾ പ്രവേശിക്കും.

**വെളിപ്പാട് 1:8 യേശുവിനെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു? എന്തെല്ലാം പരീക്ഷകൾ നേരിട്ടാലും ആശ്വാസം തരുന്ന എന്ത് പ്രത്യാശയാണ് ഈ വാക്യത്തിലുള്ളത്?**

**വ്യാഴം** **ഏപ്രിൽ 19**

## ക്രിസ്തു വെളിപ്പാടിൽ : ഭാഗം 2

**വെളിപ്പാട് 1: 10–18 വായിക്കുക. ഇവിടെ യേശുവിനെക്കുറിച്ച് യേശു തന്നെ എന്തു പറയുന്നു?**

സ്വർഗ്ഗീയ സമാഗമന കൂടാരത്തിന്റെ പ്രാകാരത്തിൽ നിൽക്കുന്നതായാണ് ഈ വാക്യങ്ങളിൽ യേശുവിനെ കാണുന്നത്. ഈ വേഷത്തിൽ വെളിപ്പെട്ടത് അത്യന്തം ഭയഭക്തി ജനകമായിരുന്നതിനാൽ യോഹന്നാൻ ഭയന്ന് അവന്റെ കാൽക്കൽ വീണു.  സദാ ആശ്വാസകനായ യേശുക്രിസ്തു അവനോട് ഭയപ്പെടേണ്ട എന്ന് പറയുന്നു. താൻ ആൽഫയും ഒമേഗയുമാണ്, ആദിയും അന്തവും ആണെന്ന് ദൈവികത്വത്തെ വെളിപ്പെടുത്തുന്നു. തുടർന്ന് കുരിശുമരണത്തെക്കുറിച്ചും ഉത്ഥാനത്തെക്കുറിച്ചും അത് നൽകുന്ന പ്രത്യാശയെക്കുറിച്ചും പറയുന്നു. “മരണപാതാളങ്ങളുടെ” താക്കോൽ തന്റെ കൈവശമുണ്ട്. മറ്റുവാക്കുകളിൽ പറഞ്ഞാൽ സഹോദരന്റെ മരണസമയത്ത്  മാർത്തയോട് പറഞ്ഞ അതേ വാക്കുകൾ യേശു യോഹന്നാനോടും പറയുകയാണ്. അത് യോഹന്നാൻ തന്നെ രേഖപ്പെടുത്തിയതുമാണ്. “ഞാൻ തന്നെ പുനഃരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?” (യോഹന്നാൻ 11:25, 26).

മാർത്തയോടും ഇപ്പോൾ യോഹന്നാനോടും ക്രിസ്തീയ വിശ്വാസത്തിന്റെ പരകോടിയും പരമകാഷ്ടയുമായ ഉയിർപ്പിന്റെ പ്രത്യാശയെക്കുറിച്ച് സൂചിപ്പിക്കുകയാണ് യേശു. ഇതല്ലാതെ എന്ത് പ്രത്യാശയാണുള്ളത്?

**വെളിപ്പാട് 22: 7,12,13 വായിക്കുക. ഈ വാക്യങ്ങളും യേശുവിനെക്കുറിച്ച് എന്ത് വെളിപ്പെടുത്തുന്നു?**

“ക്രിസ്തു ആൽഫയും ഒമേഗയുമാണ്. പഴയനിയമത്തിന്റെ ഉൽപത്തിയും പുതിയ നിയമത്തിന്റെ വെളിപ്പാടും. രണ്ടും യേശുവിൽ സമന്വയിക്കുന്നു. രണ്ടാം ആദത്തിന്റെ അനുസരണത്തിലൂടെ ആദവും ദൈവവും തമ്മിൽ ഐക്യത്തിലാകുന്നു. അവൻ സാത്താന്റെ പരീക്ഷകളെ അതിജീവിച്ച് ആദാമിന്റെ ലജ്ജാവഹ പരാജയവും പതനവും ഇല്ലാതാക്കിത്തീർക്കുന്ന

പ്രവൃത്തി പൂർത്തീകരിച്ചു.” - *എലൻ ജി വൈറ്റ് “കമന്റ്സ്”, “ദി എസ്.ഡി.എ ബൈബിൾ കമന്ററി”, വാല്യം 6, പേജ് 1092, 1093.* അതേ, യേശുവാണ് തുടക്കവും ഒടുക്കവും. ആദിയിൽ അവൻ നമ്മെ സൃഷ്ടിച്ചു, അന്ത്യത്തിൽ അവൻ നമ്മെ പുനഃസൃഷ്ടിക്കും.

ആദ്യന്തം, ചരിത്രം മാത്രമല്ല അന്ത്യകാല സംഭവങ്ങളും പഠിപ്പിച്ച് വെളിപ്പാട് പുസ്തകം ശരിക്കും യേശുക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാട് (Apocalypsis Iesou Christou) ആവുന്നു. വീണ്ടും അന്ത്യകാല സംഭവങ്ങളെക്കുറിച്ച് എന്തൊക്കെ പഠിച്ചാലും യേശുക്രിസ്തു അതിന്റെ കേന്ദ്രബിന്ദുവായേ പറ്റൂ.

**യേശുക്രിസ്തുവിനെ ദിനംപ്രതി ജീവിത കേന്ദ്രബിന്ദുവാക്കുവാൻ എങ്ങനെ സാധിക്കും?**

**വെള്ളി** **ഏപ്രിൽ 20**

**കൂടുതൽ പഠനം:** “ദൈവത്തെക്കുറിച്ച് ആഴമേറിയ കാര്യങ്ങൾ വെളിപ്പാടു പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. മുദ്രയിടപ്പെട്ട പുസ്തകമാണെന്ന പ്രസ്താവനയെ നിഷേധിക്കുന്ന ഒന്നാണ് പ്രചോദനമേകുന്ന ഏടുകൾക്ക് നൽകിയിരിക്കുന്ന “വെളിപ്പാട്” എന്ന പേര്. വെളിപാട് എന്നത് വെളിപ്പെടുത്തപ്പെട്ട എന്തോ ഒന്നാണ്. ഇതിലെ രഹസ്യങ്ങൾ ദൈവം തന്റെ ദാസന് വെളിപ്പെടുത്തി. ഏവർക്കും പഠനത്തിനായി തുറന്നിരിക്കുമെന്നും വിഭാവനം ചെയ്യുന്നു. ഭൗമചരിത്രത്തിന്റെ അന്ത്യനാളുകളിൽ ജീവിക്കുന്നവരെയും യോഹന്നാന്റെ കാലഘട്ടത്തിൽ ജീവിച്ചവരെയും സംബോധന ചെയ്യുന്നു ഇതിലെ സത്യങ്ങൾ. ഈ പ്രവചനത്തിലെ ചില കാര്യങ്ങൾ കഴിഞ്ഞുപോയി. ചിലത് ഇപ്പോൾ നടക്കുന്നു. ചിലത് അന്ധകാരശക്തികളും സ്വർഗ്ഗാധിപതിയും തമ്മിലുള്ള വൻപോരാട്ടത്തിന്റെ പരിസമാപ്തി ദൃശ്യമാക്കിത്തരുന്നു. ചിലതാകട്ടെ പുതുവാനഭൂമിയിൽ വീണ്ടെടുക്കപ്പെട്ട കൂട്ടത്തിന്റെ ജയഘോഷവും ആഹ്ലാദവും വെളിപ്പെടുത്തുന്നു.” *- എലൻ ജി. വൈറ്റ്, “ദി ആക്റ്റ്സ് ഓഫ് ദി അപോസ്റ്റൽസ്”, പേജ് 584.*

ഈയാഴ്ച തുടക്കവും ഒടുക്കവും വായിച്ച വാക്യങ്ങൾ യേശുവിനെക്കുറിച്ച് എത്രമാത്രം വെളിപാടുകൾ ഉണ്ടെന്ന് കാണിക്കുന്നു. ചരിത്ര സംഭവങ്ങളുടെ അനേകം പഴയനിയമ സൂചികകൾ ഉണ്ടായിട്ടും വെളിപ്പാടു പുസ്തകം യേശുവിനെ പറ്റി അധികം പഠിപ്പിക്കുന്നു. വെളിപ്പാട് 3:14; 5:5, 6; 7:14; 19:11-16 എന്നീ വാക്യങ്ങളും കാണുക. ഈ വാക്യങ്ങൾ കൂട്ടി വയ്ക്കുമ്പോൾ യേശുവിന്റെ അതിശക്തമായ വർണ്ണന കാണാം. മാത്രമല്ല അനുയായികൾ എന്നവകാശപ്പെടുന്നവർക്ക് യേശു എന്തായിരിക്കണം എന്നു കൂടി വെളിപ്പെടുന്നു.

**ചർച്ച:**

1. പുതിയനിയമത്തിലുടനീളം പഴയനിയമ വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നു. ഈ വസ്തുത എന്ത് മനസ്സിലാക്കിത്തരുന്നു? വിശ്വാസത്തിന്റെ കേന്ദ്രം സുവിശേഷമായിരിക്കണം. ദൈവവചനം എത്ര മാത്രം ഗൗരവമായി എടുക്കണം? വ്യക്തി, സഭാജീവിതങ്ങളിൽ വചനത്തിനെതിരായ ഏത് ശ്രമത്തിൽ നിന്നും, അതിന്റെ ആധിപത്യം കുറയ്ക്കുന്ന എല്ലാത്തിൽ നിന്നും നമ്മെത്തന്നെ എങ്ങനെ സംരക്ഷിക്കാം?
2. വെളിപ്പാടു പുസ്തകം ഓടിച്ചു വായിക്കുക. യേശുവിനെ പറ്റി സുവ്യക്തം പ്രതിപാദിക്കുന്ന മറ്റ് വാക്യങ്ങൾ ആവുന്നത്ര ശേഖരിക്കുക. ക്ലാസ്സിൽ ആ വാക്യങ്ങൾ വായിക്കുക. നമ്മുടെ ദൈവത്തിന്റെ സ്വഭാവം, രീതി, പ്രവൃത്തി, ശക്തി എന്നിവയെക്കുറിച്ച് മറ്റെന്തൊക്കെ ആ വാക്യങ്ങൾ വെളിപ്പെടുത്തുന്നു? ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നവയിൽ നിന്ന് നിങ്ങൾക്ക് എന്ത് ആശ്വാസം കണ്ടെത്താം?
3. മരിച്ചവരുടെ പുനഃരുത്ഥാനത്തിലൂടെ മൃതിയുടെ ലോകത്തിൽ പ്രത്യാശയും ആശ്വാസവും എങ്ങനെ കണ്ടെത്താം?

****